പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2237 | 5/12/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

## മലപ്പുറം ജില്ലയിലെ ഭക്ഷ്യ സുരക്ഷാ ഓഫീസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ആരംഭിച്ച ഓഫീസുകളിലെ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | മലപ്പുറം ജില്ലയിലെ 16 നിയോജക മണ്ഡലങ്ങളിലും ഭക്ഷ്യ സുരക്ഷാ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; അവിടെയെല്ലാം ആവശ്യമായ ജീവനക്കാരുണ്ടോ; ഒഴിവുകളുടെ വിശദാംശം നൽകാമോ; | ബി) | മലപ്പുറം ജില്ലയിൽ 16 നിയോജക മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ സർക്കിളുകളിലും ആവശ്യമായ ജീവനക്കാരില്ല. നിലവിൽ 6 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ട്. ഒഴിവുകൾ നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനത്തിനായി പി.എസ്.സി.യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | ജീവനക്കാരുടെ അഭാവം മൂലം ഫീൽഡ് പരിശോധന കൃത്യമായി നടത്താൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരെ ഉടൻ നിയമിക്കുമോ; | | നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ഫീൽഡ് പരിശോധനകൾ കൃത്യമായി നടത്തിവരുന്നുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 6 ഒഴിവുകൾ പി.എസ്.സി.യ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലുമുള്ള ഭക്ഷ്യ സുരക്ഷാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങളും ഭൗതിക സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | മലപ്പുറം ജില്ലയിലെ 11 സർക്കിൾ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. എന്നാൽ 5 സർക്കിൾ ഓഫീസുകൾ മറ്റ് ഓഫീസുകളോടൊപ്പമാണ് പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലയിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്വന്തമായി സർക്കാർ വാഹനം ഇല്ലാത്തതിനാൽ കരാറടിസ്ഥാനത്തിൽ ഒരു വാഹനം വാടകയ്ക്ക് എടുത്താണ് പ്രവർത്തനങ്ങൾ നടത്തുന്നത്. കൂടാതെ Quick Response Team (QRT) യുടെ ഭാഗമായും ഒരു വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ